I ഇ.ബി.XIII –കേരള നിയമസഭ/X—2

പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

# നിയമസഭാ നടപടികൾ – സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2014 ജനുവരി 6, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## നക്ഷത്രചിഹ്നമിടാത്ത ആയിരത്തി എണ്ണൂറ്റി ഇരുപത്തിനാലാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിമൂന്നാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത ആയിരത്തി എണ്ണൂറ്റി ഇരുപത്തിനാലാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## അനുമോദനം

മി. സ്പീക്കര്: തദ്ദേശീയ ക്രയോജനിക് എഞ്ചിൻ ജി.എസ്.എല്.വി.ഡി-അഞ്ച് ഉപയോഗിച്ചുള്ള രാജ്യത്തിന്റെ അത്യാധുനിക വാർത്താവിനിമയ ഉപഗ്രഹമായ ജിസാറ്റ്-14 ഭ്രമണപഥത്തിൽ എത്തിച്ചതിലൂടെ ഇത്തരം സാങ്കേതികവിദ്യ സ്വന്തമായി വികസിപ്പിച്ചെടുക്കുന്ന ആറാമത്തെ രാജ്യമായി ഭാരതം ഉയർന്നിരിക്കുന്നു. ഈ വിജയത്തിനു പിന്നിൽ പ്രവർത്തിച്ച എല്ലാവരേയും കേരള നിയമസഭ അഭിനന്ദിക്കുന്നു.

**ചരമോപചാരം**

നെൽസൺ മണ്ടേല, ഖുർഷിദ് ആലംഖാന്, പ്രൊഫ. ഉമ്മൻ മാത്യു, വെളിയം ഭാർഗ്ഗവന്, എം.എ. തോമസ്, കാട്ടാക്കട ആര്. ബാലകൃഷ്ണപിള്ള, റേച്ചൽ സണ്ണി പനവേലില്, റോസമ്മ പുന്നൂസ്, വി.റ്റി. സെബാസ്റ്റ്യൻ എന്നിവരുടെ നിര്യാണം

ദക്ഷിണാഫ്രിക്കയിലെ വിമോചന സമരനേതാവും മുൻ പ്രസിഡന്റും നോബേൽ സമ്മാനജേതാവുമായ നെൽസൺ റോലിഹ് ലാഹ മണ്ടേല, മുൻ കേരള ഗവർണ്ണറും മുൻ കേന്ദ്രമന്ത്രിയുമായ ഖുർഷിദ് ആലംഖാന്, കേരള നിയമസഭാംഗങ്ങളായിരുന്ന പ്രൊഫ. ഉമ്മൻ മാത്യു, വെളിയം ഭാർഗ്ഗവന്, എം.എ. തോമസ്, കാട്ടാക്കട ആര്. ബാലകൃഷ്ണപിള്ള, റേച്ചൽ സണ്ണി പനവേലില്, റോസമ്മ പുന്നൂസ്, വി.റ്റി. സെബാസ്റ്റ്യൻ എന്നിവരുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കുകയും ചെയ്തു.

**അടിയന്തര പ്രമേയം**

**പാചക വാതക വില വർദ്ധനവ്**

മി. സ്പീക്കർ : പാചകവാതക വില ഗാർഹിക സിലിണ്ടറിന് 230.11 രൂപയും വാണിജ്യാവശ്യ സിലിണ്ടറിന് 385.95 രൂപയുമായി വർദ്ധിപ്പിക്കുകയും ആധാർ കാർഡ് ബാങ്ക് അക്കൗണ്ടുമായി ബന്ധിപ്പിച്ചിട്ടില്ലാത്തവർക്ക് സബ്സിഡി നൽകില്ലെന്ന പെട്രോളിയം കമ്പനികളുടെ തീരുമാനവുമനുസരിച്ച് സബ്സിഡി സിലിണ്ടറുകളുടെ

എണ്ണം വർദ്ധിപ്പിക്കാത്തതുമൂലവും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ഇന്നത്തെ സഭാനടപടികൾ നിർത്തിവെച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ഡോ. തോമസ് ഐസക്, സർവ്വശ്രീ. വി.എസ്. സുനിൽ കുമാര്, സി.കെ. നാണു, കോവൂർ കുഞ്ഞുമോന്, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : പാചകവാതകത്തിന്റെ വില വർദ്ധനവും ആധാർ കാർഡ് ബാങ്ക് അക്കൗണ്ടുമായി ലിങ്ക് ചെയ്യുന്നതിനുള്ള സമയ പരിധി അവസാനിച്ചതും ആശയക്കുഴപ്പങ്ങൾക്ക് ഇടയാക്കുകയും പാചകവാതക വിതരണത്തെ ബാധിക്കുകയും ചെയ്തിരുന്നുവെങ്കിലും ഗവൺമെന്റിന്റെ സമയോചിതമായ ഇടപെടൽമൂലം പാചകവാതക വിതരണം പൂർവ്വ സ്ഥിതിയിൽ എത്തിക്കുവാനുള്ള സാഹചര്യം ഉണ്ടായിട്ടുണ്ട്. ഏതാണ്ട് 40 ശതമാനത്തോളം പേർ ഇനിയും ആധാർ കാർഡ് നമ്പർ ബാങ്ക് അക്കൗണ്ടുമായി ലിങ്ക്ചെയ്യുന്ന പ്രവൃത്തി ചെയ്യേണ്ടതുള്ളതിനാൽ 2014 ഫെബ്രുവരി 28 വരെ സമയപരിധി നീട്ടിയിട്ടുണ്ട്. കൂടാതെ ആറ് മാസത്തെ സമയംകൂടി നൽകണമെന്ന് പ്രധാനമന്ത്രിയുമായും പെട്രോളിയം വകുപ്പ് മന്ത്രിയുമായും സംസാരിച്ചപ്പോൾ ആവശ്യപ്പെട്ടിരിക്കുകയാണ്. പാചകവാതകത്തിന് 230 രൂപയുടെ വർദ്ധനവുണ്ടായിട്ടുള്ളത് നോൺ സബ്സിഡി സിലിണ്ടറുകൾക്ക് മാത്രമാണെന്നതിനാൽ ഗാർഹിക ഉപഭോക്താക്കൾക്ക് നിലവിൽ

ലഭിച്ചുകൊണ്ടിരിക്കുന്ന 9 സിലിണ്ടറുകളുടെ വിലയെ ഇത് ഒരുതരത്തിലും ബാധിക്കില്ലെന്ന് ഓയിൽ കമ്പനികളും പെട്രോളിയം വകുപ്പുമന്ത്രിയും വ്യക്തമാക്കിയിട്ടുണ്ട്. സിലിണ്ടറുകളുടെ വിതരണവുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന പ്രശ്നങ്ങളെല്ലാം ഓയിൽ കമ്പനികളും ഗ്യാസ് ഏജൻസി പ്രതിനിധികളുമായി ചർച്ച ചെയ്ത് പരിഹരിച്ചിട്ടുണ്ട്. വീഴ്ചവരുത്തുന്ന ഗ്യാസ് ഏജൻസികളുടെ പേരിൽ നടപടിയെടുക്കുവാൻ ഓയിൽ കമ്പനികൾ തയ്യാറാകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അർഹരായ എല്ലാവർക്കും ഗ്യാസ് സബ്സിഡി ലഭ്യമാക്കുന്ന സാഹചര്യം ഉണ്ടാക്കണമെന്നും എണ്ണക്കമ്പനികൾക്ക് നൽകിയിരിക്കുന്ന വില നിർണ്ണയാധികാരം പുന: പരിശോധിക്കണമെന്നും കേന്ദ്രത്തോട് ആശ്യപ്പെട്ടിട്ടുണ്ട്.

<u>ഡോ. തോമസ് ഐസക്</u>: സംസ്ഥാനത്തെ ജനങ്ങളെ ആശങ്കയിലാക്കിയിരിക്കുന്ന പാചകവാതക വിലവർദ്ധനവ് സംബന്ധിച്ച് വളരെ ലാഘവത്തോടുകൂടിയാണ് മന്ത്രി മറുപടി പറഞ്ഞിരിക്കുന്നത്. വർദ്ധിപ്പിച്ച വില സബ്സിഡിയായി ലഭിക്കുമെന്ന് പറയുന്നുണ്ടെങ്കിലും ഈ തുക അഡ്വാൻസായി ഉപഭോക്താവ് മുടക്കേണ്ടിവരുന്ന സാഹചര്യമാണ് ഇപ്പോഴുള്ളത്. മാത്രമല്ല, ഇനിയും വർദ്ധിപ്പിക്കുന്ന തുക സബ്സിഡിയായി ലഭിക്കുമോയെന്നത് സംബന്ധിച്ച് വ്യക്തത വരുത്താനും സർക്കാർ തയ്യാറാകുന്നില്ല. പാചകവാതക സബ്സിഡി ക്രമേണ ഇല്ലാതാക്കാനുള്ള ഗൂഢാലോചനയുടെ ഭാഗമായാണ് ഇത്തരമൊരു തീരുമാനം സർക്കാർ എടുത്തിരിക്കുന്നത്. സബ്സിഡി സിലിണ്ടറുകളുടെ എണ്ണം ആറിൽ നിന്നും

ഒമ്പത് ആക്കിയെങ്കിലും അത് ജനങ്ങൾക്ക് ലഭിക്കാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. ജനങ്ങൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ വെട്ടിച്ചുരുക്കാൻ പാടില്ലെന്ന സുപ്രീംകോടതി വിധിക്കെതിരായാണ് ആധാർ ഇല്ലാതെ സബ്സിഡി ലഭിക്കില്ലെന്ന നിലപാട് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. വാണിജ്യാവശ്യത്തിനുള്ള സിലിണ്ടറിന്റെ വില 1277 രൂപ മാത്രമാണെന്നിരിക്കെ 2189 രൂപയാക്കി വർദ്ധിപ്പിച്ചിരിക്കുന്നത് വൻകിട കുത്തക മുതലാളിമാരെ സഹായിക്കുന്നതിനു വേണ്ടിയാണ്. പൊതുമേഖലാസ്ഥാപനങ്ങൾക്ക് മാത്രം സബ്സിഡി നൽകുന്ന നടപടി എണ്ണവിൽപ്പന മേഖലയെ സ്വകാര്യവൽക്കരിക്കുന്നതിനുള്ള നീക്കത്തിന്റെ ഭാഗമാണ്. ആധാർ ബാങ്ക് അക്കൗണ്ടുമായി ലിങ്ക് ചെയ്ത് ഗ്യാസ് സബ്സിഡി നൽകാനുള്ള നടപടി പ്രായോഗികമല്ല. സബ്സിഡി ഉപഭോക്താക്കളുടെ അക്കൗണ്ടിൽ വരുമെന്ന് ഉറപ്പ് പറയാൻ മന്ത്രി തയ്യാറാകണം. എണ്ണകമ്പനികളുടെ കൊള്ളക്കെതിരായി ബഹുജന പ്രക്ഷോഭം ശക്തിപ്പെട്ടുവരുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): ഈ വിഷയത്തിൽ സർക്കാർ ശക്തമായ നിലപാടുകൾ സ്വീകരിക്കും. സബ്സിഡി കമ്പോണന്റിൽനിന്നും ഒരു വ്യക്തിപോലും പുറത്താകുന്ന സാഹചര്യം ഉണ്ടാകുകയില്ലെന്ന് ഉറപ്പുനൽകുന്നു. സബ്സിഡി

നൽകുന്ന സിലിണ്ടറുകളുടെ എണ്ണം വർദ്ധിപ്പിക്കണമെന്ന് കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഗാർഹികാവശ്യങ്ങൾക്കുള്ള സിലിണ്ടറുകൾ ദുരുപയോഗപ്പെടുത്തുന്ന സാഹചര്യം സർക്കാർ നടപടികൾമൂലം ഒഴിവാക്കപ്പെട്ടിരിക്കുകയാണ്. പാചകവാതക വിതരണ രംഗത്ത് ജനങ്ങൾക്ക് യാതൊരു ആശങ്കയ്ക്കും ഇടവരാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി):</u> ആധാർ കാർഡ് ബാങ്ക് അക്കൗണ്ടുമായി ബന്ധിപ്പിച്ചുകൊണ്ട് പാചകവാതക സബ്സിഡി അംഗീകരിക്കുന്ന കാര്യത്തിൽ സർക്കാർ വ്യക്തമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. ആധാർ നമ്പറും ബാങ്ക് അക്കൗണ്ട് നമ്പറും തമ്മിൽ ബന്ധിപ്പിക്കൽ നടപടി പൂർത്തിയാകാത്ത സാഹചര്യത്തിൽ സമയപരിധി നീട്ടിത്തരണമെന്ന് കേന്ദ്രത്തോട് അഭ്യർത്ഥിച്ചതിന്റെ ഫലമായി രണ്ടുമാസം സമയം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. കമ്പ്യൂട്ടർ സിസ്റ്റത്തിൽവന്ന സാങ്കേതിക തകരാറുമൂലമാണ് പാചകവാതക വിതരണത്തിൽ രണ്ടുമൂന്നുദിവസത്തെ കാലതാമസം നേരിട്ടിട്ടുള്ളത്. പാചകവാതക വിലവർദ്ധനവ് വർഷത്തിൽ 9 സിലിണ്ടർവരെ വാങ്ങുന്ന ഉപഭോക്താക്കളെ ബാധിക്കുകയില്ല. നമ്മുടെ നാട്ടിലെ 94.7 ശതമാനം ആളുകളും വർഷത്തിൽ 9 സിലിണ്ടറിന് താഴെമാത്രം ഉപയോഗിക്കുന്നവരാണ്. പാചകവാതക വിതരണ രംഗത്ത് നിലനിൽക്കുന്ന ചൂഷണം

അവസാനിപ്പിക്കുന്നതോടൊപ്പം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. പാവപ്പെട്ടവരും സാധാരണക്കാരുമായ ജനങ്ങൾക്ക് അവകാശപ്പെട്ട സബ്സിഡിതുക വൻകിടക്കാർക്ക് ലഭിക്കുന്ന സാഹചര്യം ഉണ്ടാകാൻ പാടില്ല. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി.എസ്. അച്ചുതാനന്ദന്, സി. ദിവാകരന്, മാത്യു റ്റി. തോമസ്, എ.എ. അസീസ്, തോമസ് ചാണ്ടി എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനു ശേഷം തിരിച്ചുവരികയും ചെയ്തു.)

**<u>ചെയർമാൻമാരുടെ പാനൽ</u>**

സർവ്വശ്രീ പി.സി. വിഷ്ണുനാഥ്, റ്റി.എ. അഹമ്മദ് കബീർ, പി. തിലോത്തമൻ എന്നീ അംഗങ്ങളെ പതിമൂന്നാം കേരള നിയമസഭയുടെ പത്താം സമ്മേളന കാലത്തെ ചെയർമാന്മാരുടെ പാനലിലേക്ക് നാമനിർദ്ദേശം ചെയ്തു.

**<u>ശ്രദ്ധ ക്ഷണിക്കൽ</u>**

(1) **<u>പാചക വാതക രംഗത്ത് അനുഭവപ്പെടുന്ന പ്രതിസന്ധി</u>**

<u>ശ്രീ. കെ. ശിവദാസൻ നായര്:</u> പാചകവാതക സബ്സിഡിയും വിതരണവുമായി ബന്ധപ്പെട്ട് ഉപഭോക്താക്കൾ വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്. പാചകവാതക സബ്സിഡി തുകയ്ക്ക് വാറ്റ് ഈടാക്കുന്നത് ഒഴിവാക്കുകയും വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷനുകൾക്കുകൂടി സബ്സിഡി സിലിണ്ടർ ലഭ്യമാക്കുകയും ചെയ്യണം. ഇൻഡ്യൻ ഓയിൽ കോർപ്പറേഷനിലുള്ള സാങ്കേതിക പ്രശ്നങ്ങളും ഗ്യാസ് ഏജൻസികളിലെ പ്രശ്നങ്ങളും പരിഹരിക്കണം. ഗ്യാസ് ഏജൻസിയിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന പേര് മാറ്റാത്തതുമൂലം സബ്സിഡി ലഭിക്കാത്തതിന് പരിഹാരം കാണണം. അതാത് ജില്ലകളിൽ കളക്ടർ അധ്യക്ഷനായി സമിതി രൂപീകരിച്ച് ഈ പ്രശ്നങ്ങൾ പരിഹരിക്കണം. പത്തനംതിട്ട, വയനാട് ജില്ലകളിലുള്ളവർക്ക് സബ്സിഡി ലഭിക്കുന്നതിനുവേണ്ടി മുഴുവൻ ജനങ്ങൾക്കും ആധാർ കാർഡ് ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണം. ഈ ജില്ലകളിലെ പാചകവാതക സബ്സിഡി വിതരണ മേഖലയിലുള്ള പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി സിവിൽ സപ്ലൈസിലേയും ഐ.ഒ.സി.യിലെയും ഉദ്യോഗസ്ഥരും ജില്ലാകളക്ടറും ജനപ്രതിനിധികളും ഉൾപ്പെടെയുള്ളവരുടെ യോഗം വിളിക്കണം. ആധാർ കാർഡ് ലിങ്ക് ചെയ്യാൻ പ്രായോഗിക ബുദ്ധിമുട്ടുള്ള ആളുകൾക്കും പാചകവാതക സബ്സിഡി ലഭിക്കാനാവശ്യമായ സംവിധാനമുണ്ടാക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും

വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷനുകൾക്കുകൂടി സബ്സിഡി സിലിണ്ടർ ലഭ്യമാക്കണമെന്നും അവരെ ആധാറിന്റെ പരിധിയിൽ നിന്നും ഒഴിവാക്കണമെന്നും ആവശ്യപ്പെട്ട് കേന്ദ്രസർക്കാരിന് നിവേദനം നൽകിയിട്ടുണ്ട്. പാചകവാതക വിലവർദ്ധനയിൽനിന്നുള്ള അധിക നികുതി വേണ്ടെന്ന് വയ്ക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചിട്ടുണ്ട്. ഗ്യാസ് ഏജൻസികളെക്കുറിച്ച് ധാരാളം പരാതികൾ ലഭിച്ച സാഹചര്യത്തിൽ ഗ്യാസ് ഏജൻസികളുടേയും ഓയിൽ കമ്പനികളുടേയും പ്രതിനിധികളെ വിളിച്ച് ചർച്ച ചെയ്യുകയും കൃത്യമായ നിലയിൽ ഉപഭോക്താവിന് സേവനം ലഭ്യമാക്കണമെന്നും ഗുരുതരമായ ക്രമക്കേടുകൾ കാണിക്കുന്ന ഗ്യാസ് ഏജൻസികൾക്കെതിരെ നടപടിയെടുക്കണമെന്നും ഓയിൽ കമ്പനികളോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇൻഡ്യൻ ഓയിൽ കോർപ്പറേഷനിലുണ്ടായിരുന്ന സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും അത് ഒന്നുകൂടി പരിശോധിക്കുന്നതാണ്. സബ്സിഡി ലഭിക്കുന്നതിനായി ആധാർ നമ്പർ ബാങ്ക് അക്കൗണ്ടുമായി ബന്ധിപ്പിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെടുന്ന സമയം നൽകാമെന്ന് കേന്ദ്രസർക്കാർ സമ്മതിച്ചിട്ടുണ്ട്. ആധാർ കാർഡ് ബാങ്ക് അക്കൗണ്ടുമായി ലിങ്ക് ചെയ്താൽ പാചകവാതക വിതരണ മേഖലയിലുള്ള ലീക്കേജും ഡൈവേർഷനും ഒഴിവാകുകയും യഥാർത്ഥ ഗുണഭോക്താവിനുതന്നെ സബ്സിഡിയോടെ പാചകവാതക സിലിണ്ടർ കിട്ടുകയും ചെയ്യുന്ന സാഹചര്യം

ഉണ്ടാകും. പത്തനംതിട്ട, വയനാട് ജില്ലകളിൽ പാചകവാതക വിതരണം, സബ്സിഡി എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സംബന്ധിച്ച് അടിയന്തിരമായി മീറ്റിംഗുകൾ കൂടി പരിഹാരമാർഗ്ഗങ്ങൾ ഉണ്ടാക്കുന്നതാണ്.l

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പാചകവാതക സബ്സിഡി തുകയ്ക്ക് വാറ്റ് ഈടാക്കില്ല. പാചകവാതക വിലവർദ്ധനവിൽനിന്നും ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷനുകളെ ഒഴിവാക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. പത്തനംതിട്ട, വയനാട് ജില്ലകളിലെ പാചകവാതക സബ്സിഡി പ്രശ്നം സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

(2) **സംസ്ഥാന സഹകരണ മേഖല നേരിടുന്ന പ്രതിസന്ധി**

ശ്രീ. എം. ചന്ദ്രൻ: രാജ്യത്തിന് മാതൃകയായ കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ പ്രതിസന്ധിയിലാക്കുന്ന സമീപനങ്ങളാണ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ സ്വീകരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജനാധിപത്യ വിരുദ്ധമായി ജില്ലാ ബാങ്കുകൾ പിടിച്ചെടുക്കുന്ന നടപടികളാണ് ആവിഷ്കരിച്ചത്. പ്രാഥമിക സഹകരണ സംഘങ്ങളുടെ ബൈലാ ഭേദഗതി വരുത്തി വാർഡ് അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടത്തുകയും തെരഞ്ഞെടുപ്പ് നടത്താത്ത സംഘങ്ങളെ പിടിച്ചെടുത്ത് അഡ്മിനിസ്ട്രേറ്റീവ് ഭരണം ഏർപ്പെടുത്തുകയുമാണ് ചെയ്യുന്നത്. സഹകരണ സംഘങ്ങളിലെ പതിനായിരം രൂപയിലധികം പലിശ വാങ്ങുന്ന എല്ലാ നിക്ഷേപകരുടെയും പൂർണ്ണ വിവരങ്ങൾ

ഹാജരാക്കാൻ ആദായ നികുതിവകുപ്പ് നൽകിയ നിർദ്ദേശം സുപ്രീംകോടതി ശരിവച്ചു. അതുപോലെ കേന്ദ്ര ഗവൺമെന്റിന്റെ 2012-ലെ ബാങ്കിങ് ഭേദഗതിയും ബാങ്കിങ് പ്രവർത്തനം നടത്തുന്ന എല്ലാ സംഘങ്ങളും റിസർവ് ബാങ്കിന്റെ ലൈസൻസ് എടുക്കണമെന്ന നിർദ്ദേശവും സംഘങ്ങളുടെ പ്രവർത്തനങ്ങളെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. ബാങ്കിങ് മേഖലയ്ക്ക് നൽകിക്കൊണ്ടിരിക്കുന്ന ഇളവുകൾ തുടർന്നും ലഭിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സഹകരണസംഘങ്ങളിലെ ജീവനക്കാർക്ക് നിക്ഷേപത്തിൽനിന്നോ പലിശയിൽനിന്നോ കടം എടുത്ത തുകയിൽനിന്നോ ശമ്പളവും ആനുകൂല്യങ്ങളും നൽകാൻ പാടില്ല എന്ന ഉത്തരവുമൂലം സഹകരണ മേഖലയിലെ ജീവനക്കാർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണണം.

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി.എൻ. ബാലകൃഷ്ണൻ): വൈദ്യനാഥൻ കമ്മിറ്റി ശുപാർശകളിൻമേൽ പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകൾ ബാങ്കിങ് സേവനങ്ങൾ അവസാനിപ്പിക്കണമെന്ന് റിസർവ് ബാങ്കോ നബാർഡോ നിർദ്ദേശം നൽകിയിട്ടില്ല. പ്രകാശ് ബക്ഷി കമ്മിറ്റി റിപ്പോർട്ടിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ ബാങ്കുകൾ ജില്ലാ സഹകരണ ബാങ്കുകളുടെ സേവനദാതാക്കളായി പ്രവർത്തിക്കണമെന്ന ശുപാർശയിൽ സർക്കാർ സമയോചിതമായി ഇടപെടുകയും നബാർഡ് നിർദ്ദേശങ്ങളിൽ ശക്തമായി എതിർപ്പ് അറിയിച്ചതിന്റെ ഫലമായി നബാർഡ്

നിലപാട് മാറ്റുകയും ഇത് നബാർഡിന്റെ ഉപദേശം മാത്രമാണെന്ന് വിശദീകരണം നൽകുകയും ചെയ്തിട്ടുണ്ട്. പ്രകാശ് ബക്ഷി കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നബാർഡ് നൽകിയ നിർദ്ദേശം പാലിക്കേണ്ടെന്ന് സഹകരണ സംഘം രജിസ്ട്രാർ സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പാർലമെന്റ് 2012 - ൽ പാസ്സാക്കിയ ബാങ്കിങ് നിയമഭേദഗതിയിലെ ചില വ്യവസ്ഥകൾ സംസ്ഥാനത്തെ സഹകരണ മേഖലയെ ദോഷകരമായി ബാധിക്കുന്നുവെന്ന് വിലയിരുത്തി. ഈ പ്രശ്നം കേന്ദ്ര സർക്കാരിന്റെയും റിസർവ് ബാങ്കിന്റെയും നബാർഡിന്റെയും ശ്രദ്ധയിൽപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ആദായ നികുതി നിയമത്തിലെ 131(6) വകുപ്പുപ്രകാരം പ്രാഥമിക വായ്പാ സംഘങ്ങളിലെ നിക്ഷേപങ്ങളുടെയും നിക്ഷേപകരുടെയും വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള ആദായ നികുതി വകുപ്പിന്റെ നിർദ്ദേശം സുപ്രീംകോടതി ശരിവച്ചിട്ടുണ്ട്. ഇക്കാര്യത്തിലുള്ള ആശങ്ക അറിയിച്ചുകൊണ്ട് പ്രധാനമന്ത്രിക്കും കേന്ദ്രമന്ത്രിമാർക്കും കേരളത്തിൽനിന്നുള്ള എല്ലാ പാർലമെന്റംഗങ്ങൾക്കും കത്ത് നൽകിയിട്ടുണ്ട്. ഈ വിഷയം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത എം.പി.മാരുടെ കോൺഫറൻസിൽ ചർച്ച ചെയ്തിട്ടുണ്ട്. 1962-ലെ കേരള സഹകരണ നിയമം ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ് സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നത്. ജനാധിപത്യ വിരുദ്ധമായി ഒരു സഹകരണ സംഘത്തിന്റെ ഭരണസമിതിയെയും

പിരിച്ചുവിട്ടിട്ടില്ല. നിയമാനുസൃതം പരിശോധനകൾ നടത്തി ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാറാണ് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നത്. സഹകരണ സംഘങ്ങൾക്ക് പുതിയ മുഖം നൽകാനാണ് സർക്കാർ ശ്രമിച്ചിട്ടുള്ളത്. ഈ മേഖലയ്ക്ക് കേന്ദ്ര സർക്കാരിന്റെ സാധ്യമായ എല്ലാ സഹായങ്ങളും ലഭ്യമാക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് അറിയിക്കുന്നു. ഡെപ്പോസിറ്റ് ചെയ്ത പണം ഉപയോഗിച്ച് ശമ്പളം നൽകുന്ന കാര്യത്തിൽ പ്രത്യേക ശ്രദ്ധ വേണമെന്ന് സർക്കുലർ പുറപ്പെടുവിച്ചിരുന്നു. അതിൽ ഏതെങ്കിലും തരത്തിലുള്ള പ്രശ്നമുണ്ടെങ്കിൽ ജീവനക്കാരുമായി ചർച്ച ചെയ്ത് ഭേദഗതി വരുത്തുന്നതാണ്. ജീവനക്കാർക്ക് യാതൊരു തരത്തിലുള്ള ആശങ്കയ്ക്കും ഇടവരുത്താത്ത വിധം ഇക്കാര്യം പരിഹരിക്കുന്നതാണ്.

## സബ്മിഷൻ

### (1) കെ. കരുണാകരന്റെ പൂർണ്ണകായ പ്രതിമ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ഹൈബി ഈഡൻ: കൊച്ചി ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയം പരിസരത്ത് കെ. കരുണാകരന്റെ പൂർണ്ണകായ പ്രതിമ സ്ഥാപിക്കുന്നതിന് 50 ലക്ഷം രൂപ അനുവദിക്കണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): മുൻ മുഖ്യമന്ത്രി കെ. കരുണാകരൻ മുൻകയ്യെടുത്ത് നടപ്പാക്കിയ കൊച്ചി ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയം, നെടുമ്പാശേരി വിമാനത്താവളം,

ഗോശ്രീ പാലം തുടങ്ങിയ വികസന പ്രവർത്തനങ്ങൾ പരിഗണിച്ച് അദ്ദേഹത്തിന്റെ പ്രതിമ കൊച്ചി ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയം പരിസരത്ത് സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ജി.സി.ഡി.എ. യ്ക്ക് നിർദ്ദേശം നൽകുന്നതാണ്.

## (2) കസ്തൂരി രംഗൻ റിപ്പോർട്ടിലെ ആശങ്കകൾ

ശ്രീ. റോഷി അഗസ്റ്റിന്: കേന്ദ്ര പരിസ്ഥിതി മന്ത്രാലയം പശ്ചിമഘട്ട മലനിരകളെ സംരക്ഷിക്കുന്നതിനുവേണ്ടി ഏർപ്പെടുത്തിയ കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ട് സംബന്ധിച്ച് ജനങ്ങൾക്കുണ്ടായിട്ടുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്): കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ട് അതേപടി നടപ്പാക്കണമെന്ന അഭിപ്രായം ഗവൺമെന്റിനില്ല. ജനസാന്ദ്രത അടിസ്ഥാനമാക്കി പരിസ്ഥിതി ലോല പ്രദേശ നിർണ്ണയം നടത്തിയപ്പോൾ റിമോർട്ട് സെൻസറിംഗ് സാങ്കേതികവിദ്യ ഉപയോഗിച്ചതിനാൽ തോട്ടങ്ങളും ജനവാസകേന്ദ്രങ്ങളും ഉപഗ്രഹങ്ങളിലൂടെ വനമായി ചിത്രീകരിക്കാൻ ഇടയായി. ഇത്തരം സാങ്കേതിക പോരായ്മകൾ ചൂണ്ടിക്കാട്ടാനും പരിസ്ഥിതി ലോല പ്രദേശങ്ങളിലെ 123 വില്ലേജുകളിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള ജനകീയ സമിതികള്, വിവിധ സംഘടനകൾ എന്നിവയുടെ അഭിപ്രായം ആരാഞ്ഞ് നിർദ്ദേശങ്ങൾ നൽകുന്നതിനായി രൂപീകരിച്ച സമിതി

കേന്ദ്രഗവൺമെന്റിന് റിപ്പോർട്ട് നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കണക്കിലെടുക്കാതെ അന്തിമ തീരുമാനം എടുക്കരുതെന്ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ട്. രാഷ്ട്രീയ പാർട്ടികളുടെ അഭിപ്രായ പ്രകാരം കേന്ദ്രസർക്കാർ പുറപ്പെടുവിക്കുന്ന വിജ്ഞാപനത്തിലെ ശുപാർശകൾ ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ഗവൺമെന്റ് ഒരു സമിതിയെ നിയോഗിച്ചു. ജനവാസകേന്ദ്രങ്ങള്, കൃഷിസ്ഥലങ്ങൾ തോട്ടങ്ങൾ 01-01-1977- ന് മുമ്പുള്ള കൈവശാവകാശ പ്രദേശങ്ങൾ എന്നിവ ഒഴിവാക്കി മാനദണ്ഡങ്ങൾ പാലിക്കുന്ന വനം, കാവുകള്, മൊട്ടക്കുന്നുകള്, പാറക്കെട്ടുകള്, പുൽമേടുകൾ എന്നിവയിൽ നിലനിർത്തേണ്ടവ കണ്ടെത്തി നിർണ്ണയിക്കുന്നതിനായി നേരിട്ട് പരിശോധന നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായ പരിശോധനാ സമിതിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. പരിസ്ഥിതി ലോല പ്രദേശങ്ങൾ പുനർനിർണ്ണയിക്കാനും പരാതികൾ കേൾക്കുവാനും വിദഗ്ധസമിതി രൂപീകരിച്ച വിവരം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തെ അറിയിച്ചു. കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ട് തത്വത്തിൽ അംഗീകരിച്ചുകൊണ്ട് കേന്ദ്രസർക്കാർ പുറപ്പെടുവിച്ച ഉത്തരവിനെത്തുടർന്ന് സംസ്ഥാനത്തുണ്ടായിട്ടുള്ള ഭയാശങ്കകൾ ദൂരീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. തുടർന്ന് നടത്തിയ ശ്രമത്തിന്റ ഫലമായി സംസ്ഥാന സർക്കാരുകളെ കൂടി വിശ്വാസത്തിൽ

എടുത്ത് പരിസ്ഥിതി ലോല പ്രദേശങ്ങൾ നിർണ്ണയിക്കാമെന്ന നിലപാടാണ് കേന്ദ്രഗവൺമെന്റ് സ്വീകരിച്ചത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഈ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന തരത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും എന്തെങ്കിലും നടപടി ഉണ്ടായാൽ കർശന നടപടി സ്വീകരിക്കുന്നതായിരിക്കും.

**(3) കെ.എസ്.ആർ.ടി.സി. റിസർവ്വ് കണ്ടക്ടർ തസ്തികയിലെ നിയമനം**

ശ്രീ. ടി.വി. രാജേഷ്: കെ.എസ്. ആർ.ടി.സി. റിസർവ് കണ്ടക്ടർ തസ്തികയിലേക്ക് പി.എസ്.സി. നിയമന ശുപാർശ നൽകിയ എല്ലാ ഉദ്യോഗാർത്ഥികൾക്കും നിയമനം നൽകുന്നതിനുവേണ്ട നടപടി സ്വീകരിക്കണം

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്): നിലവിൽ പി.എസ്.സി. യെ അറിയിച്ചിരിക്കുന്ന റിസർവ് കണ്ടക്ടറുടെ ഒഴിവു കളിൽ 9300 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. എന്നാൽ വിശദമായ പരിശോധനയിൽനിന്നും യഥാർത്ഥത്തിലുള്ള ഒഴിവുകളുടെ എണ്ണം 3808 മാത്രമാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റടക്കം 5000 ഉദ്യോഗാർത്ഥികളുടെ രേഖകളിൻമേൽ നടപടികൾ പൂർത്തിയാക്കി നിയമന ഉത്തരവുകൾ നൽകിത്തുടങ്ങിയിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായി ആയിരം റാങ്ക് വരെയുള്ളവർക്ക് ഇതിനോടകം നിയമന ഉത്തരവുകൾ നൽകുകയും അവശേഷിക്കുന്ന 2808 പേർക്ക് നിയമന ഉത്തരവ്

നൽകുന്നതിനുള്ള നടപടികൾ നടന്നുവരികയുമാണ്. പി.എസ്.സി. അഡ്വൈസ് മെമ്മോ കൊടുത്തതിനുശേഷം എംപാനൽ നിയമനം നടത്തിയിട്ടുണ്ടോയെന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

(4) എല്.എസ്.എസ്./ യു.എസ്.എസ്. സ്കോളർഷിപ്പ്

ശ്രീ. റ്റി.എ. അഹമ്മദ് കബീർ : സ്കോളർഷിപ്പ് പരീക്ഷകളിൽ വിജയിക്കുന്ന എല്.പി./ യു.പി. വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് നൽകുന്ന സ്കോളർഷിപ്പ് തുക അപര്യാപ്തമായതിനാൽ പ്രസ്തുത തുക വർദ്ധിപ്പിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്) : സംസ്ഥാന സിലബസിൽ നാലാംക്ലാസ്സിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടുകയും എല്.എസ്.എസ്.പരീക്ഷ എഴുതി വിജയിക്കുകയും ചെയ്യുന്ന കുട്ടികൾക്ക് 5,6,7 ക്ലാസ്സുകളിൽ 100 രൂപയും ഏഴാം ക്ലാസ്സിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടുകയും യു.എസ്.എസ്. പരീക്ഷ എഴുതി വിജയിക്കുകയും ചെയ്യുന്ന കുട്ടികൾക്ക് 8,9,10 ക്ലാസ്സുകളിൽ 150 രൂപയും വാർഷിക സ്കോളർഷിപ്പായി നൽകിവരുന്നു. 1996 മുതൽ പ്രാബല്യത്തിൽ വന്നിട്ടുള്ള ഈ നിരക്കനുസരിച്ച് മാതാപിതാക്കളുടെ വാർഷിക വരുമാനം 12,000 രൂപയിൽ കവിയാൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്പോൾ നൽകിവരുന്ന തുക അപര്യാപ്തമായതിനാൽ സ്കോളർഷിപ്പ്തുക 500 രൂപയാക്കി വർദ്ധിപ്പിക്കണമെന്ന കേരളാ സ്റ്റേറ്റ് കരിക്കുലം കമ്മിറ്റിയുടെ

ശുപാർശയനുസരിച്ച് എല്.എസ്.എസ്./യു.എസ്.എസ്. സ്കോളർഷിപ്പുകൾ 500 രൂപയായും രക്ഷകർത്താവിന്റെ വാർഷിക വരുമാന പരിധി 50,000 രൂപയായും വർദ്ധിപ്പിക്കണമെന്ന പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ശുപാർശ ധനകാര്യവകുപ്പ് പരിശോധിച്ചുവരികയാണ്. പ്രസ്തുത വർദ്ധനവ് വഴി 75 ലക്ഷം രൂപയുടെ അധിക ബാധ്യത സർക്കാരിനുണ്ടാകും.

## (5) **പാലക്കാട് - ചെർപ്പുളശ്ശേരി- പെരിന്തൽമണ്ണ റോഡ്**

ശ്രീമതി കെ.എസ്. സലീഖ : സ്റ്റേറ്റ് ഹൈവേയായ പാലക്കാട്-ചെർപ്പുളശ്ശേരി-പെരിന്തൽമണ്ണ റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും അവിടെ റബ്ബറൈസ്ഡ് ടാറിംഗ് നടത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്) : പാലക്കാട്-ചെർപ്പുളശ്ശേരി-പെരിന്തൽമണ്ണ സ്റ്റേറ്റ് ഹൈവേയിലെ കച്ചേരിക്കുന്ന് മുതൽ തുത വരെയുള്ള 5 കിലോമീറ്റർ റോഡ് ബി.എം.&ബി.സി. ചെയ്യുന്നതിന് 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. മുണ്ടൂർ മുതൽ കച്ചേരിക്കുന്ന് വരെയുള്ള ഭാഗം ബി.എം. & ബി.സി. ചെയ്യുന്നതിന് 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തുന്നതിനുള്ള നടപടികളും റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരളാ ലിമിറ്റഡിന്റെ അപ്ഗ്രഡേഷൻ പാക്കേജിൽ ഉൾപ്പെടുത്തി റോഡിന്റെ നിലവാരം ഉയർത്തുന്നതിനാവശ്യമായ

നടപടികളും സ്വീകരിച്ചുവരുന്നു. റോഡിലെ കേട് വന്ന ഭാഗങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ഇതിനോടകംതന്നെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## (6) കണ്ടിയൂർ ബൈപ്പാസിന് ഭരണാനുമതി

ശ്രീ. ആര്. രാജേഷ് : മാവേലിക്കര ടൗണിലെ അതിരൂക്ഷമായ ഗതാഗത പ്രശ്നം പരിഹരിക്കുന്നതിന്റെ ഭാഗമായി സ്ഥലമെടുപ്പ് പൂർത്തിയായ സാഹചര്യത്തിൽ മാവേലിക്കര-കണ്ടിയൂർ ബൈപ്പാസ് നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്) : മാവേലിക്കര മണ്ഡലത്തിലെ കണ്ടിയൂർ ബൈപ്പാസ് നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കുന്നതിന് വിശദമായ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ സർക്കാരിന് നൽകിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പദ്ധതിക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതും അടുത്ത സാമ്പത്തികവർഷം പണി ആരംഭിക്കുന്നതുമാണ്.

## (7) കാസർഗോഡ് ജില്ലയിലെ കർഷകർക്ക് ധനസഹായം

ശ്രീ. ഇ. ചന്ദ്രശേഖരൻ : കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് മണ്ഡലത്തിലുണ്ടായ ചുഴലിക്കാറ്റിലും കനത്ത മഴയിലും നാശനഷ്ടങ്ങൾ സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി (ശ്രീ. കെ.പി. മോഹനൻ) : കാഞ്ഞങ്ങാട് മണ്ഡലത്തിലുണ്ടായ കനത്ത മഴയിലും ചുഴലിക്കാറ്റിലും തെങ്ങ്, വാഴ, കുരുമുളക്, റബ്ബർ എന്നീ നാണ്യ വിളകൾക്ക് സംഭവിച്ച കൃഷി നാശത്തിന്റെ തോത് കണക്കാക്കുകയും ചാല ദുരന്തത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് നൽകിയ നഷ്ടപരിഹാരത്തിന്റെ മാതൃകയിൽ സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി കൃഷിനാശം സംഭവിച്ച 3253 കർഷകർക്ക് ധനസഹായം നൽകുന്നതിനായി പതിനൊന്ന് കോടി മുപ്പത്തിയൊമ്പത് ലക്ഷത്തി എൺപത്തിനാലായിരം രൂപയുള്ള നഷ്ടപരിഹാര തുക വിതരണം ചെയ്യുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ചുവരികയാണ്. 26-04-2013 -ന് കാസർഗോഡ് ജില്ലയിലുണ്ടായ ചുഴലിക്കാറ്റിൽ വാഴ, തെങ്ങ്, റബ്ബറ്, കവുങ്ങ്, കുരുമുളക്, കശുമാവ് എന്നീ വിളകൾക്കുണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നിർദ്ദേശം പരിശോധനയിലാണ്. പ്രകൃതി ദുരന്തങ്ങൾമൂലമുള്ള കൃഷി നാശങ്ങൾക്ക് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽനിന്നും ധനസഹായം നൽകാൻ നടപടി സ്വീകരിക്കുന്നതാണ്.

## (8) അടയ്ക്ക കർഷകർ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. എന്.എ. നെല്ലിക്കുന്ന് : വിലത്തകർച്ചയും വിളനാശവുംമൂലം ദുരിതമനുഭവിക്കുന്ന കാസർഗോഡ് ജില്ലയിലെ അടയ്ക്ക കർഷകരെ സഹായിക്കുന്നതിന് നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനന്): I വിവിധ കാരണങ്ങളാൽ ദുരിതമനുഭവിക്കുന്ന അടയ്ക്കാ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2005 -ൽ അടയ്ക്കയുടെ വിലയിടിവ് തടയുന്നതിന് സ്പെഷ്യൽ പാക്കേജ് പദ്ധതിപ്രകാരം അടയ്ക്കാസംഭരണം ഏർപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് കമുകിന്റെ രോഗനിയന്ത്രണത്തിനായി ആയിരത്തി ഇരുന്നൂറ്റി മുപ്പത്തിയെട്ട് ഹെക്ടർ കമുകിൻതോട്ടങ്ങളിൽ കേന്ദ്രസർക്കാർ 11 കോടി രൂപ ചെലവഴിച്ച് ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരം കീടനിയന്ത്രണപദ്ധതി നടപ്പാക്കിവരുന്നു. തുടർന്നുള്ള വർഷങ്ങളിൽ അടയ്ക്കാകൃഷിക്കായി പ്രത്യേക പദ്ധതികളൊന്നും നടപ്പാക്കാത്തതിന്റെ ഫലമായി ദുരിതമനുഭവിക്കേണ്ടിവന്ന പതിനായിരക്കണക്കിന് അടയ്ക്കാകർഷകർക്കായി 2011-ലെ സംസ്ഥാന ബഡ്ജറ്റ് പ്രസംഗത്തിൽ അടയ്ക്കാപാക്കേജ് പ്രഖ്യാപിച്ചു. കാസർഗോഡ് ജില്ല ജൈവജില്ലയായി പ്രഖ്യാപിച്ചിട്ടുള്ളതിനാൽ ഇൻപുട്ട് ആപ്ലിക്കേഷൻ ഓർഗാനിക്കായി പുന:ക്രമീകരിക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

## (9) **കന്നുകാലികൾക്കുണ്ടാകുന്ന കുളമ്പുരോഗം തടയാൻ നടപടി**

( പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സർവ്വശ്രീ. മാത്യു. റ്റി. തോമസ്, വി.എം. ഉമ്മർ മാസ്റ്റര്, എ. എം. ആരിഫ്, ബി. ഡി. ദേവസ്സി എന്നീ ബഹുമാനപ്പെട്ട അംഗങ്ങളും നോട്ടീസ് നൽകിയിട്ടുണ്ട്.)

<u>ശ്രീ. എം. പി. വിൻസെന്റ്:</u> കേരളത്തിലാകമാനം കന്നുകാലികളിൽ കുളമ്പുരോഗം പടർന്നുപിടിക്കുന്നത് തടയുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി <u>(ശ്രീ. കെ. പി. മോഹനൻ):</u> 2013 ആഗസ്റ്റ് 1മുതൽ സംസ്ഥാനത്ത് 51551 ഉരുക്കളിൽ രോഗം ബാധിച്ച പശുക്കളടക്കം 4705 ഉരുക്കൾ മരണപ്പെട്ടതായി വിവിധ ജില്ലകളിൽനിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രതിരോധ നടപടികളുടെ ഭാഗമായി രോഗബാധിത പ്രദേശങ്ങളിൽ റിംഗ് വാക്സിനേഷൻ നടത്തി വരുന്നുണ്ട്. രോഗം ബാധിച്ച ഉരുക്കൾക്ക് മൃഗസംരക്ഷണവകുപ്പ് സൗജന്യ ചികിത്സ ഏർപ്പെടുത്തിയിട്ടുണ്ട്. ചികിത്സയ്ക്കാവശ്യമായ മരുന്നുകള്, പരിസര ശുചീകരണത്തിനാവശ്യമായ അണുനാശിനികൾ എന്നിവ വാങ്ങുന്നതിനായി മൃഗസംരക്ഷണ വകുപ്പ് ഇരുപത് ലക്ഷം രൂപ അധികഫണ്ടായി ഗോരക്ഷാ പദ്ധതിയിൽനിന്നും വിവിധ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. മരുന്നും അണുനാശിനികളും ജില്ലാതലത്തിൽ വാങ്ങി ഉപയോഗിച്ചുവരുന്നു. വിവിധ വകുപ്പുകളുടെ സഹകരണത്തോടെ എല്ലാ ജില്ലകളിലും ജില്ലാകളക്ടറുടെ നേതൃത്വത്തിൽ മിൽമയുടെ പ്രശ്നങ്ങൾ അവലോകനം ചെയ്തിട്ടുണ്ട്. രോഗം ബാധിച്ച് മരണപ്പെട്ട ഉരുക്കൾക്ക് മൃഗസംരക്ഷണ വകുപ്പ് ഇരുപതിനായിരം രൂപയും ക്ഷീര വികസനവകുപ്പ് പതിനായിരം രൂപയും മിൽമയിൽ പാൽ

അളക്കുന്നവർക്ക് മിൽമയുടെ വകയായി പതിനായിരം രൂപയും സഹായധനമായി നൽകുന്നുണ്ട്. അതോടൊപ്പം ഇരുന്നൂറ് കിലോഗ്രാം (നാല് ചാക്ക്) കാലിത്തീറ്റയും സൗജന്യമായി നൽകിവരുന്നു. നാളിതുവരെ വിവിധ ജില്ലകളിലായി ഒരു കോടി ഒമ്പത് ലക്ഷം രൂപ മരണപ്പെട്ട ഉരുക്കൾക്ക് നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്.

**3. <u>മേശപ്പുറത്തുവച്ച കടലാസ്സുകള്</u>**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തു വച്ചു.

4. **<u>റിപ്പോർട്ട് സമർപ്പണം:</u>**

(1) കാര്യോപദേശക സമിതിയുടെ പതിനാലാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2012-13- ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(3) ഔദ്യോഗികഭാഷ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**5. <u>റിപ്പോർട്ട് പരിഗണന:</u>**

കാര്യോപദേശക സമിതിയുടെ പതിനാലാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

6. **<u>ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന:</u>**

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണ പദ്ധതിക്ക് കേന്ദ്ര പാരിസ്ഥിതിക മന്ത്രാലയത്തിന്റെ പാരിസ്ഥിതികാനുമതി ലഭിച്ചതുമായി ബന്ധപ്പെട്ട് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി പ്രസ്താവന നടത്തി.

## ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

ശ്രീ. ബെന്നി ബെഹനാൻ : "2014 ജനുവരി മൂന്നാം തീയതി ഗവർണ്ണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ : പ്രമേയത്തെ പിന്താങ്ങുന്നു.

(സർവ്വശ്രീ മാത്യു ടി. തോമസ്, സി.കെ. നാണു, സി. ദിവാകരന്, ഇ. ചന്ദ്രശേഖരന്, വി.എസ്. സുനിൽ കുമാര്, പി. തിലോത്തമന്, മുല്ലക്കര രത്നാകരന്, കെ. അജിത്, കെ. രാജു, വി. ശശി, ജി.എസ്. ജയലാല്, ഇ.കെ. വിജയന്, ചിറ്റയം ഗോപകുമാര്, എ.എം. ആരിഫ്, കോലിയക്കോട് എന്. കൃഷ്ണൻ നായര്, കോടിയേരി ബാലകൃഷ്ണന്, ഇ.പി. ജയരാജന്, കെ. സുരേഷ് കുറുപ്പ്, സാജു പോള്, എസ്. ശർമ്മ, വി. ചെന്താമരാക്ഷന്, രാജു എബ്രഹാം, വി. ശിവൻകുട്ടി, കെ. കുഞ്ഞമ്മത് മാസ്റ്റര്, കെ. കുഞ്ഞിരാമൻ (ഉദുമ), സി. കൃഷ്ണന്, കെ.കെ. നാരായണന്, പി. ശ്രീരാമകൃഷ്ണന്, സി.കെ. സദാശിവന്, ആര്. രാജേഷ്, ജി.

സുധാകരന്, ബാബു. എം. പാലിശ്ശേരി, എ.കെ. ബാലന്, ബി.ഡി. ദേവസ്സി, പി.കെ. ഗുരുദാസന്, എം. ഹംസ, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂര്), കെ.വി. വിജയദാസ്, പുരുഷൻ കടലുണ്ടി, കെ. രാധാകൃഷ്ണന്, പി.റ്റി.എ. റഹീം, എസ്. രാജേന്ദ്രന്, റ്റി.വി. രാജേഷ്, ഡോ. കെ.റ്റി. ജലീല്, ഡോ. ടി.എം. തോമസ് ഐസക്, ശ്രീമതിമാർ ഇ.എസ്. ബിജിമോള്, ഗീതാ ഗോപി, പി. അയിഷാ പോറ്റി, കെ.കെ. ലതിക എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ നന്ദിപ്രമേയത്തിന് ഭേദഗതികൾ അവതരിപ്പിച്ചു.)

<u>ശ്രീ. ബെന്നി ബെഹനാൻ</u> : വ്യവസ്ഥാപിതമായ പ്രഖ്യാപനങ്ങളിൽനിന്നും വാഗ്ദാനങ്ങളിൽനിന്നും വ്യത്യസ്തമായി വ്യക്തമായ രാഷ്ട്രീയ ധാരണയും സാമൂഹ്യ ബോധവുമുള്ള ന്യൂ ജനറേഷൻ നയപ്രഖ്യാപനമാണ് അവതരിപ്പിച്ചിരിക്കുന്നത്. രണ്ടാം കേരള മോഡൽ എന്ന ആശയത്തിന് ചിറകു നൽകുന്നതാണ് ഈ നയ പ്രഖ്യാപനം. സംസ്ഥാനത്തിന്റെ വികസനലക്ഷ്യങ്ങൾക്ക് അനുസൃതമായി പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയുടെ ചെലവിനായുള്ള വകയിരുത്തൽ 102 ലക്ഷം കോടി രൂപയായി വർദ്ധിപ്പിച്ചത് സ്വാഗതാർഹമാണ്. പെർസ്പെക്റ്റീവ് പ്ലാന്, 2030 -ന്റെ ആദ്യത്തെ കരട് സംസ്ഥാന പ്ലാനിംഗ് ബോർഡ് തയ്യാറാക്കിയിട്ടുണ്ട്. പദ്ധതി വിഹിതത്തിന്റെ സാമ്പത്തികവും ഭൗതീകവുമായ പുരോഗതി നിരീക്ഷിക്കാൻ സർക്കാരിന് കഴിയണം. വികസനത്തിന്റെ ഗുണഫലങ്ങൾ സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും സംസ്ഥാനത്തിന്റെ എല്ലാ മേഖലകളിലേയ്ക്കും ലഭ്യമാക്കണം. തീരപ്രദേശങ്ങളിലെയും മലയോര

പ്രദേശങ്ങളിലെയും വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പ്രത്യേക പാക്കേജ് ഏർപ്പെടുത്തണമെന്ന നിർദ്ദേശവും ഏറ്റവും പിന്നാക്ക പ്രദേശങ്ങളിലെ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും അവ പ്രത്യേകമായി പരിഹരിക്കുന്നതിനും ഒരു ഉന്നതാധികാര സമിതി രൂപീകരിക്കുമെന്ന പ്രഖ്യാപനവും സ്വാഗതാർഹമാണ്. റിസൾട്ട് ഫ്രെയിംവർക്ക് ഡോക്യുമെന്റ് നടപ്പിലാക്കുന്നതിനുള്ള പരിശ്രമങ്ങൾക്ക് 2013-ൽ ഭാരത സർക്കാരിൽനിന്നും അവാർഡ് ഓഫ് എക്സലൻസ് സംസ്ഥാനത്തിന് ലഭിച്ചത് അഭിമാനത്തിന് വക നൽകുന്നതാണ്. ഐ.റ്റി. അറ്റ് സ്കൂൾ ലെവൽ ഹയർ സെക്കണ്ടറി ലെവലിലേയ്ക്ക് മാറ്റല്, സർക്കാർ സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി, പാഠ്യപദ്ധതികൾ പരിഷ്ക്കരിക്കല്, കമ്മ്യൂണിറ്റി കോളേജുകൾ ആരംഭിക്കല്, കോളേജുകൾക്കും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സർവ്വകലാശാലകൾക്കും ഇ-ഗവേണിംഗ് പദ്ധതി നടപ്പിലാക്കല്, മെഡിക്കൽ കോളേജുകൾ ഇല്ലാത്ത ജില്ലകളിൽ അവ സ്ഥാപിക്കല്, തിരുവനന്തപുരത്തെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (നിഷ്) സർവ്വകലാശാലയാക്കി ഉയർത്തുന്നതിനുള്ള പുതിയ ബിൽ തുടങ്ങി വിദ്യാഭ്യാസ-ആരോഗ്യ മേഖലകളുമായി ബന്ധപ്പെട്ട ഒട്ടേറെ കാര്യങ്ങൾ പ്രത്യേകം ശ്രദ്ധേയമാണ്. പോലീസുകാർക്ക് ഏർപ്പെടുത്തിയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി സ്വാഗതാർഹമാണ്. സമസ്ത മേഖലകളിലും പുതിയ ആശയങ്ങൾ ഉൾക്കൊള്ളാനും അവ

പ്രാവർത്തികമാക്കാനുമുള്ള കർമ്മ പരിപാടികൾക്ക് രൂപം നൽകുന്നു എന്നതിന്റെ സൂചനയാണ് നയപ്രഖ്യാപനത്തിലുള്ളത്. വികസനത്തിന്റെ കാര്യത്തിൽ കേരളം ഒന്നാം സ്ഥാനത്തെത്തിയിരിക്കുന്നു എന്ന കാര്യം പ്രതിപക്ഷം വിസ്മരിക്കരുത്. ലോകം സാമ്പത്തിക മാന്ദ്യത്തിലും ഭാരതം സാമ്പത്തിക പ്രതിസന്ധിയിലും അകപ്പെട്ടപ്പോഴും കേരളത്തിന്റെ വളർച്ചാ നിരക്ക് രണ്ടക്ക ശതമാനത്തിലേക്ക് എത്തിക്കുന്നതിനുള്ള സജീവമായ പരിശ്രമമാണ് ഈ സംസ്ഥാന സർക്കാർ നടത്തുന്നത്. മൂലധന രംഗത്ത് 8000 കോടി രൂപ ചെലവഴിച്ച് വിവിധ ക്ഷേമപ്രവർത്തനങ്ങൾ നടപ്പാക്കാൻ സാധിച്ചു. സാമൂഹ്യ ക്ഷേമ പെൻഷനുകൾ 75 ശതമാനം വർദ്ധിപ്പിച്ചു. ആയിരക്കണക്കിനാളുകൾക്ക് 30 കോടിയിലധികം രൂപയുടെ ധനസഹായം വിതരണം ചെയ്യാനും സർക്കാർ ഉത്തരവുകളുടെ കാര്യത്തിൽ പ്രായോഗികമായ തീരുമാനങ്ങളെടുക്കാനും മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിക്ക് കഴിഞ്ഞു. കാരുണ്യ പദ്ധതിയിലൂടെ 250 കോടിരൂപ വിതരണം ചെയ്തതുവഴി 25000 രോഗികൾക്ക് ആശ്വാസമേകാൻ സാധിച്ചു. കൊച്ചി മെട്രോയുടെ ഭാഗമായ എറണാകുളം നോർത്ത് പാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ സാധിച്ചു. കണ്ണൂർ വിമാനത്താവളം, കോഴിക്കോട്, തിരുവനന്തപുരം മോണോ റെയിൽ എന്നിവ യാഥാർത്ഥ്യമാക്കാനുള്ള സർക്കാരിന്റെ നടപടി ഏറെ പ്രശംസനീയമാണ്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണ പദ്ധതിക്ക് കേന്ദ്ര പാരിസ്ഥിതിക

മന്ത്രാലയത്തിന്റെ അനുമതി നേടിയെടുക്കുന്നതിന് ആത്മാർത്ഥമായി പരിശ്രമിച്ച ഗവൺമെന്റാണിത്. സ്മാർട്ട് സിറ്റി, സ്റ്റാർട്ട് അപ് വില്ലേജ് തുടങ്ങിയ പദ്ധതികളെല്ലാം യു.ഡി.എഫ്. ഗവൺമെന്റിന്റെ നേട്ടങ്ങളാണ്. നിർമ്മാണ സേവന മേഖലകളിൽ ചെറുകിട-ഇടത്തരം സംരംഭങ്ങൾ എന്ന ആശയവും വ്യവസായ വികസനത്തിന് ഈ ഗവൺമെന്റ് സ്വീകരിക്കുന്ന നടപടികളും സ്തുത്യർഹമാണ്. കണ്ണൂർ ജില്ലയെ ആദ്യത്തെ ഭൂരഹിതരില്ലാത്ത ജില്ലയായി പ്രഖ്യാപിക്കാൻ കഴിഞ്ഞതിൽ അഭിമാനിക്കാവുന്നതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നിരവധി പുതിയ തസ്തികകൾ സൃഷ്ടിച്ച് നിയമനങ്ങൾ നടത്തുകയും പാവപ്പെട്ട വികലാംഗരായ ആളുകൾക്ക് സ്ഥിര നിയമനം നൽകുകയും ചെയ്തു. മലയാളഭാഷയ്ക്ക് ശ്രേഷ്ഠഭാഷാ പദവി നേടിയെടുക്കാനും മലയാള സർവ്വകലാശാല സ്ഥാപിക്കാനും കഴിഞ്ഞത് ശ്ലാഘനീയമാണ്. കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പിലാക്കിയാലുള്ള പ്രശ്നങ്ങളെ അതീവ ഗൗരവത്തോടെ കണ്ട് ജനങ്ങൾക്കിടയിലുള്ള സംശയങ്ങൾ ദൂരീകരിക്കാനും ജനവാസകേന്ദ്രങ്ങളിൽ അധിവസിക്കുന്ന കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും വേണ്ടിയുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങളാണ് ഗവൺമെന്റ് നൽകിയിട്ടുള്ളത്. പശ്ചിമഘട്ടത്തിന്റെ സംരക്ഷണത്തിനുവേണ്ടി ശക്തമായ ബോധവൽക്കരണം സമൂഹത്തിലുണ്ടാക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്കാണ് ഈ ഗവൺമെന്റ് നേതൃത്വം

കൊടുക്കുന്നത്.

<u>ശ്രീ ഇ. പി. ജയരാജന്:</u> നന്ദിപ്രമേയത്തെ എതിർക്കുന്നു. സംസ്ഥാനം നേരിടുന്ന കാർഷിക-വ്യാവസായികത്തകർച്ച, മാലിന്യ പ്രശ്നങ്ങള്, വൈദ്യുതി, ഗതാഗതം തുടങ്ങിയവയെ സംബന്ധിച്ചുള്ള കാഴ്ചപ്പാടോ സമീപനങ്ങളോ നയപ്രഖ്യാപന പ്രസംഗത്തിലില്ല. പാചകവാതക വില വർദ്ധന ഉൾപ്പെടെ രാജ്യത്ത് അടിക്കടിയുണ്ടാകുന്ന വിലക്കയറ്റം പിടിച്ചു നിർത്താനുള്ള നടപടികളൊന്നുംതന്നെ കേന്ദ്രസർക്കാർ സ്വീകരിക്കുന്നില്ല. വിലക്കയറ്റം, തൊഴിലില്ലായ്മ, പട്ടിണി, നിരക്ഷരത, ആരോഗ്യ പ്രശ്നങ്ങള്, സ്ത്രീകൾ അനുഭവിക്കുന്ന പീഡനങ്ങൾ തുടങ്ങിയ ജനകീയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വർഗ്ഗീയ കലാപങ്ങൾ തടയുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനുപകരം ഇടതുപക്ഷ പാർട്ടികളെ തകർക്കാനുള്ള നയമാണ് സർക്കാർ സ്വീകരിക്കുന്നത്. കേരളത്തിലെ ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരോ മരുന്നോ മറ്റ് ചികിത്സാ സൗകര്യങ്ങളോ ഇല്ല. ആരോഗ്യ-കാർഷിക മേഖല തകർച്ചയിലാണ്. നാളികേര ഉല്പാദനം ഗണ്യമായി കുറഞ്ഞുകൊണ്ടിരിക്കുന്നു. ഉല്പാദന ചെലവ് കൂടുന്നതുകാരണം കാർഷിക മേഖല അന്യവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കു കയാണ്. സംസ്ഥാനത്തിനാവശ്യമായ പച്ചക്കറി, പാൽ എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പദ്ധതികളോ ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്ന പദ്ധതികളോ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടില്ല. ആദിവാസി മേഖലകളിൽ

പകർച്ച വ്യാധികളും പട്ടിണിയും നടമാടുകയാണ്. ഭൂരഹിതർക്ക് അനുവദിച്ചുകൊടുത്ത ഭൂമി ഭൂമാഫിയകൾ കയ്യേറിയിരിക്കുകയാണ്.

ശ്രീ. സണ്ണി ജോസഫ്: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കൃഷിവികസനം, ഭവനനിർമ്മാണം എന്നിവ സംബന്ധിച്ച് നയപരിപാടികൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഐ.എ.വൈ. പദ്ധതിയിലൂടെ 60000 പുതിയ വീടുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. 2015-ഓടുകൂടി കേരളത്തെ ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കി മാറ്റാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. പട്ടിക വർഗ്ഗക്കാർക്ക് ഹഡ്കോ വായ്പ മുഖേന അയ്യായിരം വീടുകൾ നിർമ്മിച്ചുകൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭവന പദ്ധതിക്കുള്ള തുക രണ്ടര ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. കോളേജില്ലാത്ത നിയോജകമണ്ഡലങ്ങളിൽ ഗവൺമെന്റ് കോളേജ് സ്ഥാപിക്കാനും എട്ട് പുതിയ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കാനും നടപടി സ്വീകരിച്ചു. വിമാനത്താവളം, തുറമുഖം എന്നിവയുടെ നിർമ്മാണത്തിൽ പുരോഗതി ഉണ്ടായി. പുതിയ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള കോളേജുകൾ ആരംഭിക്കുന്നതിനും വിമാനത്താവളങ്ങൾക്ക് സാധ്യതയില്ലാത്ത സ്ഥലങ്ങളിൽ എയർസ്ട്രിപ്പുകൾ സ്ഥാപിക്കുന്നതിനും റോഡ് വികസന രംഗത്ത് സമഗ്രമായ മുന്നേറ്റം കൈവരിക്കുന്നതിനും കസ്തൂരി രംഗൻ റിപ്പോർട്ട് സംബന്ധിച്ച് കേരളത്തിന്റെ ആശങ്കകൾ ദൂരീകരിക്കുന്നതിന് ഫലപ്രദമായ ഇടപെടലുകൾ നടത്തുന്നതിനും ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്.

<u>ശ്രീ. സി. ദിവാകരൻ</u> : പ്രമേയത്തെ എതിർക്കുന്നു. സുപ്രധാന ചർച്ചകൾ നടത്തുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഗ്യാലറിയിൽ കാണുന്നില്ല. സംസ്ഥാനത്തെ സിവിൽ ഭരണം സ്തംഭനത്തിലാണ്. കഴിഞ്ഞ നയപ്രഖ്യാപന പ്രസംഗത്തിന്റെ ആവർത്തനമാണിത്. ഈ നയപ്രഖ്യാപന പ്രസംഗത്തിലെ നൂറ്റിയാറാം ഖണ്ഡിക പിൻവലിക്കണം. കഴിഞ്ഞ നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുള്ളതും നടപ്പാക്കാത്തതുമായ കുറേ വാഗ്ദാനങ്ങളാണ് ഇതിലുള്ളത്. പാചകവാതകത്തിനും നിത്യോപയോഗ സാധനങ്ങൾക്കും വില വർദ്ധിച്ചതുകാരണം ജനജീവിതം ദുസ്സഹമാണ്. വിലക്കയറ്റം തടയുന്നതിനുള്ള ഒരു നിർദ്ദേശവും നയപ്രഖ്യാപനത്തിലില്ല. കുളമ്പുരോഗം കാരണം കന്നുകാലികൾ ചാകുന്നത് തടയുന്നതിന് യാതൊരു നടപടിയും സ്വീകരിക്കുന്നില്ലെന്നു മാത്രമല്ല പാൽക്ഷാമം പരിഹരിക്കുന്നതിനുള്ള യാതൊരു നിർദ്ദേശവും ഇതിലില്ല. സ്കൂൾ കുട്ടികൾക്ക് യൂണിഫോം, ഉച്ചഭക്ഷണം തുടങ്ങിയവ ലഭ്യമാക്കുന്നില്ലെന്ന് മാത്രമല്ല അവർക്കുള്ള സാനിട്ടേഷൻ സൗകര്യംപോലും നിഷേധിക്കുകയാണ്. സർക്കാർ ആശുപത്രികളിൽ നടക്കുന്ന അഴിമതി അന്വേഷിക്കാൻ സർക്കാർ തയ്യാറാകുന്നില്ല. കാരാറുകാർക്കും കർഷക ത്തൊഴിലാളി ക്ഷേമ ബോർഡിനും നൽകുവാനുള്ള കുടിശ്ശിക നൽകുന്നില്ല. ഈ സർക്കാർ കോർപ്പറേറ്റ് കമ്പനികൾക്ക് നികുതി ഇളവ് കൊടുത്തിരിക്കുകയാണ്. രാജ്യം സാമ്പത്തിക പ്രതിസന്ധി നേരിടുമ്പോഴും

ശതകോടീശ്വന്മാരുടെ രാജ്യമായി ഇന്ത്യ മാറുകയാണ്. കേന്ദ്രഗവൺമെന്റ് ഭക്ഷ്യസുരക്ഷാ ബിൽ പാസ്സാക്കിയെങ്കിലും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. കുളമ്പുരോഗ വാക്സിൻ വാങ്ങിയതിൽ അഴിമതിയുണ്ടെന്ന വാർത്ത സംബന്ധിച്ച് അന്വേഷണം നടത്തണം. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അഴിമതിക്ക് പുറത്താക്കപ്പെട്ട ലീഗൽ മെട്രോളജി വകുപ്പിലെ ഉദ്യോഗസ്ഥരെ ഇപ്പോൾ തിരിച്ചെടുത്തിരിക്കുകയാണ്.

<u>ശ്രീ. കെ.എന്.എ. ഖാദര്:</u> നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് ഊന്നൽ കൊടുക്കുന്ന നയ പ്രഖ്യാപനമാണിത്. കാർഷിക/വ്യാവസായിക രംഗങ്ങളിൽ പുതിയ കാഴ്ചപ്പാടോടുകൂടി വികസന പരിപാടികൾ പ്രഖ്യാപിച്ചത് സ്വാഗതാർഹമാണ്. ശാസ്ത്ര സാങ്കേതിക മേഖലകളിൽ അത്ഭുതപൂർവ്വമായ വളർച്ച കൈവരിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. വിവരാവകാശ നിയമം, സേവനാവകാശ നിയമം, വിദ്യാഭ്യാസാവകാശ നിയമം, തൊഴിലുറപ്പ് നിയമം എന്നിങ്ങനെ മാതൃകാപരമായ പല നിയമങ്ങളും പാസ്സാക്കാൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. എണ്ണക്കമ്പനികൾക്ക് നൽകിയിട്ടുള്ള ഇന്ധന വില നിർണ്ണയാധികാരം സർക്കാർ ഏറ്റെടുക്കണം. പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താനും രാജ്യത്തിന്റെ താത്പര്യങ്ങൾ സംരക്ഷിക്കാനും ഉതകുന്ന നിലപാടുകൾ സ്വീകരിക്കണം. ।

<u>ശ്രീ. സി. കെ. നാണു:</u> നന്ദിപ്രമേയത്തെ എതിർക്കുന്നു. ആദിവാസികളുടെ ക്ഷേമത്തിനും ചികിത്സയ്ക്കും ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്താത്ത സർക്കാർ സമീപനത്തോട് യോജിക്കാൻ സാധിക്കില്ല. കുളമ്പുരോഗം മൂലം കന്നുകാലികൾ മരണമടയുന്ന കർഷകർക്കും പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിക്കുന്ന കർഷകർക്കും നഷ്ട പരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കണം. സർക്കാർ വാഗ്ദാനങ്ങൾ പ്രഖ്യാപിക്കുന്നതല്ലാതെ അവ നടപ്പാക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നും നടപടികൾ ഉണ്ടാകുന്നില്ല.

<u>ശ്രീ. പി. സി. ജോർജ്:</u> നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. പ്രകടന പത്രികയിൽ പറഞ്ഞിരുന്ന കാര്യങ്ങൾ നടപ്പിലാക്കിയതിലൂടെ സർക്കാരിന്റെ ഭരണനേട്ടത്തെ വിലയിരുത്താനാകും. തൊഴിലില്ലായ്മ പരിഹരിക്കാൻ ഒരു ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുൾപ്പെടെ പാവപ്പെട്ട ആളുകളെ പുനരധിവസിപ്പിക്കുന്ന പദ്ധതി നടപ്പാക്കണം. കേരളത്തിന്റെ ഭൂവിസ്തൃതിയിൽ 28.88 ശതമാനവും വനഭൂമിയാണെന്നും ഇത് നാഷണൽ ആവറേജിന്റെ എത്രയോ കൂടുതലാണെന്നും കസ്തൂരിരംഗൻ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇ.എഫ്.എല്. നിയമം മാറ്റിയെഴുതണം. വയനാട്ടിലെ ആദിവാസി ജനവിഭാഗങ്ങൾക്ക് 1964-ൽ പട്ടയം കിട്ടിയ ഭൂമി അവർക്ക് വിനിയോഗിക്കാനുള്ള സാഹചര്യമുണ്ടാകണം. ജനങ്ങളുടെ അഭിപ്രായം ആരാഞ്ഞശേഷം മാത്രമേ ഗാഡ്ഗിൽ റിപ്പോർട്ടിന്മേൽ തീരുമാനമെടുക്കാൻ പാടുള്ളൂ. ഈ വിഷയത്തിൽ

ജനങ്ങളെ വീണ്ടും സമരരംഗത്തേയ്ക്ക് നയിക്കുന്ന സാഹചര്യം ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം. കാട്ടുമൃഗങ്ങൾ കൃഷിയും കൃഷിഭൂമിയും നശിപ്പിക്കുന്ന സ്ഥിതിക്ക് പരിഹാരമുണ്ടാക്കണം.

ശ്രീ. എ.എ. അസീസ് : നന്ദിപ്രമേയത്തെ എതിർക്കുന്നു. നിത്യോപയോഗ സാധനങ്ങളുടെ രൂക്ഷമായ വിലക്കയറ്റം നിയന്ത്രിക്കുന്നതിനോ സംസ്ഥാനത്തിന്റെ സമസ്തരംഗത്തും പടർന്നുപിടിച്ചിരിക്കുന്ന അഴിമതി അവസാനിപ്പിക്കുന്നതിനോ യാതൊരു നടപടിയും നയപ്രഖ്യാപനത്തിൽ പരാമർശിച്ചിട്ടില്ല. സൗദി അറേബ്യയിൽ നിതാഖത് നിയമം നടപ്പാക്കിയതിന്റെ ഫലമായി മടങ്ങിവരുന്നവരെ പുനരധിവസിപ്പിക്കുന്നതിനെ സംബന്ധിച്ചും പരാമർശിച്ചിട്ടില്ല. ജനക്ഷേമകരമായ യാതൊരു പ്രവർത്തനവും നടത്താൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. ജനങ്ങളുടെ ദുരിതം വർദ്ധിപ്പിക്കാൻ മാത്രമേ മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടികൊണ്ട് സാധിച്ചിട്ടുള്ളൂ.

ശ്രീ. പി. സി. വിഷ്ണുനാഥ്: നന്ദി പ്രമേയത്തെ അനുകൂലിക്കുന്നു. കേരളത്തിന്റെ വികസനത്തെക്കുറിച്ച് ദീർഘവീക്ഷണമുള്ള കാഴ്ചപ്പാടുകളാണ് നയപ്രഖ്യാപന പ്രസംഗത്തിൽ അവതരിപ്പിച്ചിട്ടുള്ളത്. ആസൂത്രിത വളർച്ചാനിരക്കായ 7.5% അടിസ്ഥാനമാക്കി, മുന്തിയ പുരോഗതി കൈവരിച്ച നോർഡിക് രാജ്യങ്ങളുടെ അതേ വളർച്ചാ നിലവാരത്തിലേയ്ക്ക് 2040-ഓടെ കേരളത്തെയും എത്തിക്കുക എന്ന ദിശാബോധമുള്ള നയപ്രഖ്യാപനമാണ്

ഗവർണ്ണർ നടത്തിയിട്ടുള്ളത്. ക്ഷേമരാഷ്ട്ര സങ്കൽപ്പത്തിന്റെ ഒരു ഉദാത്ത മാതൃകയാണ് മുഖ്യമന്ത്രി നടത്തുന്ന ജനസമ്പർക്ക പരിപാടി. കഴിഞ്ഞ വർഷത്തെ ജനസമ്പർക്ക പരിപാടിക്കുശേഷം സർക്കാർ ഇറക്കിയ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വാർദ്ധക്യകാല പെൻഷന് അപേക്ഷിക്കാനുള്ള പ്രായപരിധി 60 ആക്കുകയും പ്രായപൂർത്തിയായ ആൺമക്കളുള്ള അമ്മമാർക്കും എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെയും പെൻഷൻ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞുവെന്നത് സ്തുത്യർഹമാണ്. വിധവകൾക്ക് സർക്കാർ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് അവർ പുനർവിവാഹം കഴിച്ചില്ല എന്ന വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതില്ലെന്ന നിലപാട് സ്വീകരിച്ചു. കാരുണ്യ ബെനവലന്റ് ഫണ്ട് നടപ്പിലാക്കിയിട്ടുള്ള ഏക സംസ്ഥാനവും കേരളമാണെന്നത് അഭിമാനാർഹമാണ്. ശ്രുതിതരംഗം, കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി, ആരോഗ്യകിരണം, താലോലം തുടങ്ങിയ പദ്ധതികൾ യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞതും ഈ ഗവൺമെന്റിന്റെ നേട്ടങ്ങളാണ്. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി ഈ സർക്കാരിന്റെ മികച്ച പ്രവർത്തനമികവിന് ഉദാഹരണമാണ്. സർക്കാർ മേഖലയിൽ മഞ്ചേരി, പാലക്കാട്, ഇടുക്കി എന്നിവിടങ്ങളിൽ മെഡിക്കൽ കോളേജുകൾ ആരംഭിക്കാനുള്ള നടപടിയും

പട്ടാമ്പി, ചാലക്കുടി, വർക്കല, കൊണ്ടോട്ടി, ഇരിട്ടി തുടങ്ങിയ പുതിയ താലൂക്കുകളുടെ രൂപീകരണവും സ്വാഗതാർഹമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നടന്ന എല്ലാ തദ്ദേശഭരണ തെരഞ്ഞെടുപ്പുകളിലും ഉപതെരഞ്ഞെടുപ്പുകളിലും യു.ഡി.എഫ്. വിജയം ആവർത്തിക്കുകയുണ്ടായി എന്നത് അഭിമാനാർഹമായ കാര്യമാണ്.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണന്:</u> നന്ദിപ്രമേയത്തെ എതിർക്കുന്നു. സംസ്ഥാനം നേരിടുന്ന പരമപ്രധാനമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുതകുന്ന തനതായ വിഷൻ മുന്നോട്ടു വയ്ക്കുന്ന കാര്യത്തിൽ സർക്കാരിന്റെ ഈ നയപ്രഖ്യാപനം പൂർണ്ണ പരാജയമാണ്. ദേശീയ രാഷ്ട്രീയത്തിൽ നിന്നും കോൺഗ്രസ് നാമാവശേഷമാകുന്ന സ്ഥിതിവിശേഷമാണുള്ളത്. വിലക്കയറ്റം തടയാൻ വിപണിയിൽ ഇടപെടുന്നതിനോ അതിനുള്ള നയം രൂപീകരിക്കുന്നതിനോ സംസ്ഥാന സർക്കാർ തയ്യാറായിട്ടില്ല. കൺസ്യൂമർ ഫെഡിന്റെ ക്രിസ്തുമസ് ചന്തകൾ മുടങ്ങി. ത്രിവേണി-നന്മ സ്റ്റോറുകളിൽ സബ്സിഡി നിരക്കിലുള്ള സാധനങ്ങൾ ലഭ്യമാകാതെ അവ അടച്ചുപൂട്ടലിന്റെ ഭീഷണിയിലാണ്. ത്രിവേണി സ്റ്റോറിലെ അഴിമതി സംബന്ധിച്ച വിജിലൻസിന്റെ "ഓപ്പറേഷൻ അന്നപൂർണ്ണ" റിപ്പോർട്ട് വെളിച്ചം കണ്ടിട്ടില്ല. മെഡിക്കൽ വെയർ ഹൗസുകളിൽ നിന്നും സ്വകാര്യ മരുന്നു കമ്പനികളിലേക്ക് മരുന്നുകൾ ഒഴുകുന്നതിന്റെ വാർത്തകൾ

പുറത്തുവന്നിരിക്കുകയാണ്. പൊതുവിതരണ സംവിധാനത്തിലൂടെ വിലക്കയറ്റം പിടിച്ചു നിർത്താനുള്ള പദ്ധതികൾ നടപ്പാക്കുന്നില്ല. സോളാർ കേസ്സുമായി ബന്ധപ്പെട്ട് അറസ്റ്റിലായ വനിതയുടെ നിരവധി കേസ്സുകൾ അട്ടിമറിച്ചുകൊണ്ടും മുഖ്യമന്ത്രിയുടെ മുൻ ഗൺമാൻ ഉൾപ്പെട്ട ഭൂമി തട്ടിപ്പ് കേസ് ശരിയായ വിധത്തിൽ അന്വേഷിക്കാതേയും ആഭ്യന്തര വകുപ്പ് പക്ഷപാതപരമായ നിലപാടാണ് സ്വീകരിച്ചത്. എ.പി.എല്/ബി.പി.എൽ ലിസ്റ്റ് അട്ടിമറിക്കപ്പെട്ടുകയും മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിലെ ചാലിയാർ പഞ്ചായത്തിൽ നിരവധി ആളുകളെ ബി.പി.എല്. ലിസ്റ്റിൽ അനധികൃതമായി ഉൾപ്പെടുത്തുകയും ചെയ്തത് സംബന്ധിച്ച് അന്വേഷിക്കണം. വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ച് നയപ്രഖ്യാപന പ്രസംഗത്തിൽ കാര്യമായ പരാമർശമില്ല. പ്ലസ് ടു ബാച്ച് അനുവദിച്ചതിലുള്ള അസമത്വം കാരണം അർഹതയുള്ള കുട്ടികൾക്ക് പ്രവേശനം കിട്ടാത്ത സ്ഥിതിവിശേഷമാണുള്ളത്. സ്കൂൾ കുട്ടികൾക്ക് യൂണിഫോം വിതരണത്തിന് അനുവദിച്ച 133 കോടി രൂപ ചെലവഴിച്ചിട്ടില്ല. കുട്ടികൾക്കുള്ള ഉച്ചഭക്ഷണത്തിലെ വിഭവങ്ങൾ കുറച്ചു. നിലവിലുള്ള പാഠ്യപദ്ധതിയെ അട്ടിമറിച്ചുകൊണ്ട് വിഷൻ 2020 എന്നൊരു പുതിയ പാഠ്യപദ്ധതി കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കാൻ പോകുകയാണ്. 'റൂസ' നടപ്പിലാകുന്നതോടുകൂടി കേരളത്തിൽ ലഭ്യമാകേണ്ട കേന്ദ്ര ഫണ്ടിൽ കുറവ് വരുകയും നിലവിൽ യു.ജി.സി. മാനദണ്ഡപ്രകാരം ഫണ്ട് ലഭിക്കാത്ത നിരവധി സ്വകാര്യ-സ്വാശ്രയ വിദ്യാഭ്യാസ

സ്ഥാപനങ്ങൾക്ക് പ്രസ്തുത ഫണ്ട് ലഭിക്കുന്ന സാഹചര്യമുണ്ടാകുകയും ചെയ്യും. നിതാഖത് നിയമംമൂലം മടങ്ങിവന്ന പ്രവാസികൾക്ക് പ്രത്യേക പരിഗണനയോ വായ്പയോ കൊടുക്കുന്നില്ല.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:</u> നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കേരളത്തിന്റെ സാമ്പത്തിക-സാമൂഹിക മേഖലകളുടെ വികസനം മുന്നിൽ കണ്ടുകൊണ്ടുള്ള നയപ്രഖ്യാപനമാണ് ഇവിടെ ഉണ്ടായത്. രൂപയുടെ മൂല്യത്തകർച്ച സംഭവിച്ചുകൊണ്ടിരിക്കുകയാണ്. കയറ്റുമതി കുറയുകയും ഇറക്കുമതി വർദ്ധിക്കുകയും ചെയ്തു. രാജ്യത്തിന്റെ കൈത്താങ്ങായി നിൽക്കുന്ന നമ്മുടെ മാനവവിഭവശേഷി ക്രിയാത്മകമായി വിനിയോഗിക്കാൻ നമുക്ക് സാധിക്കണം. ഐ.റ്റി. മേഖലയിൽ ഏറ്റവും കൂടുതൽ വളർച്ചയുണ്ടായ കാലഘട്ടമാണിത്. സ്മാർട്ട് സിറ്റി പദ്ധതി പൂർത്തിയാക്കി രാജ്യത്തെ ഐ.റ്റി. ഹബ്ബാക്കി മാറ്റണം. യുവാക്കളെ സ്വയം പര്യാപ്തമാക്കാനും അവരെ വ്യവസായ സംരംഭകരാക്കാനും വേണ്ടി സ്റ്റാർട്ട് അപ് വില്ലേജുകൾ ആരംഭിച്ചത് സ്വാഗതാർഹമാണ്. നിതാഖത്ത് നിയമംമൂലം കേരളത്തിലേയ്ക്ക് തിരിച്ചുവന്ന പ്രവാസികൾക്കുവേണ്ടി ചെയ്യാൻ സാധിക്കുന്ന കാര്യങ്ങളൊക്കെ ഈ ഗവൺമെന്റ് ചെയ്തിട്ടുണ്ട്. കൊച്ചി മെട്രോ, വിഴിഞ്ഞം തുറമുഖം, കണ്ണൂർ എയർപോർട്ട്, മോണോ റെയില്, തീരദേശ കോറിഡോര്, സ്പീഡ് കേരള പദ്ധതി തുടങ്ങിയവ യാഥാർത്ഥ്യമാകുന്നതോടുകൂടി കേരളത്തിന്റെ മുഖച്ഛായ തന്നെ മാറുന്നതാണ്. മലയാള സർവ്വകലാശാല ആരംഭിക്കാനും മലയാള ഭാഷയ്ക്ക്

ശ്രേഷ്ഠ ഭാഷാ പദവി നേടിക്കൊടുക്കാനും ഈ ഗവൺമെന്റിന് കഴിഞ്ഞു. ജനസമ്പർക്ക പരിപാടിയിലൂടെ ധാരാളം പരാതികൾ പരിഹരിക്കാൻ സാധിച്ചു. കാരുണ്യ ബെനവലന്റ് ഫണ്ട് വഴി പാവപ്പെട്ടവർക്ക് 200 കോടി രൂപ നൽകുകയും മത്സ്യത്തൊഴിലാളികൾക്ക് സമ്പൂർണ്ണ ഭവന നിർമ്മാണത്തിനുവേണ്ടി ബൃഹത് പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തു. കേരളത്തിൽ ഉന്നത വിദ്യാഭ്യാസത്തിനുള്ള സാഹചര്യമൊരുക്കുകയും ഭാവിയിൽ കേരളത്തെ ഒരു എഡ്യൂക്കേഷൻ ഹബ്ബാക്കി മാറ്റുന്ന പ്രവർത്തനങ്ങൾ  വിദ്യാഭ്യാസ മേഖലയിൽ നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.  മതേതര  കക്ഷികൾ യോജിച്ചുനിന്ന് മുന്നോട്ടു പോകണം.

ശ്രീ. എസ്. ശർമ്മ: നയപ്രഖ്യാപനത്തെയും നന്ദിപ്രമേയത്തെയും എതിർക്കുന്നു. പാചക വാതക സബ്സിഡിക്ക് ആധാർ കാർഡ് നിർബന്ധമാക്കേണ്ടതില്ല എന്ന സുപ്രീംകോടതി വിധി അവഗണിച്ച് ആധാർ നിർബന്ധമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിലൂടെ ഇൻഡ്യാ ഗവൺമെന്റ് ഓയിൽ കമ്പനികളോട് മാത്രമല്ല, ബഹുരാഷ്ട്ര കമ്പനികളോടും പ്രതിബദ്ധത പുലർത്തുന്ന സമീപനമാണ് സ്വീകരിക്കുന്നത്. ഇൻഡ്യയിലെ പൗരൻമാരുടെ രേഖാമൂലമുള്ള വിവരങ്ങൾ മുഴുവൻ സോഫ്റ്റ്വെയറിലൂടെ ശേഖരിക്കപ്പെട്ടുകഴിഞ്ഞാൽ അത് ആഭ്യന്തര സുരക്ഷിതത്വത്തെ തന്നെ ബാധിക്കും. പെട്രോളിയം ഉത്പന്നങ്ങളുടെയും രാസവളങ്ങളുടെയും വില നിശ്ചയിക്കുന്നതിൽനിന്നും പിൻമാറിക്കൊണ്ട് ജനങ്ങളെ വിദേശ മൂലധന

ശക്തികളുടെ കീഴിലാക്കുന്ന സമീപനമാണ് കേന്ദ്രഗവൺമെന്റ് സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. വിലക്കയറ്റത്തിന്റെ കാര്യത്തിൽ കേന്ദ്രസർക്കാരിന്റെ പാതതന്നെയാണ് സംസ്ഥാന ഗവൺമെന്റും സ്വീകരിച്ചിരിക്കുന്നത്. കൊച്ചിയിലെ എൻ.എൽ.ജി. ടെർമിനൽ യാഥാർത്ഥ്യമായതോടെ സംസ്ഥാനത്തിന്റെ വികസന പ്രക്രിയയിൽ കാതലായ മാറ്റം വരുത്താൻ സാധിക്കുന്ന സാഹചര്യം പ്രയോജനപ്പെടുത്തിക്കൊണ്ട് മുന്നോട്ട് പോകാൻ സാധിക്കണം. കെ.എസ്.ആർ.ടി.സി. ക്ക് ലാഭകരമായി പ്രവർത്തിക്കാൻ തക്കവിധം എൽ.എൻ.ജി.യെ സി.എൻ.ജി. ആയി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. എൽ.എൻ.ജി. പ്രോജക്ട് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് പ്രാദേശികമായി ചില പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്. തൊഴിൽ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്കായുള്ള പുനരധിവാസ പാക്കേജിന്റെ കാര്യത്തിലും പ്രാദേശിക വികസന കാര്യത്തിലും പ്രത്യേക തീരുമാനം എടുക്കണം. പരമ്പരാഗത വ്യവസായ മേഖലകൾ തകർച്ചയെ നേരിടുകയാണ്. അവയുടെ വൈവിധ്യവൽക്കരണത്തിനും തൊഴിൽ സംരക്ഷണത്തിനും ആവശ്യമായ നടപടി സ്വീകരിക്കണം. മത്സ്യമേഖലയിലെ കടാശ്വാസ കമ്മീഷന് തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. സി.പി. മുഹമ്മദ്:</u> നന്ദി പ്രമേയത്തെ പിന്താങ്ങുന്നു. ഇത് അടിച്ചമർത്തപ്പെട്ടതും യാതന അനുഭവിച്ചതും തൊഴിലില്ലാത്തതുമായ

ലക്ഷക്കണക്കിന് ആളുകൾക്കു വേണ്ടിയുള്ളതാണ്. കാലത്തിന്റെ മാറ്റത്തിനനുസൃതമായി കേരളത്തെയും ജനങ്ങളെയും മാറ്റിയെടുക്കുന്നതിനു വേണ്ടിയുള്ള ധാരാളം പദ്ധതികൾ ഇതിലുണ്ട്. ഇന്ത്യാ ടുഡെയുടെ പഠനത്തിൽ വിവിധ മേഖലകളിൽ കേരളമാണ് മുന്നിലെന്ന് കണ്ടെത്തിയിട്ടുണ്ട്. 250 കോടി രൂപ ചെലവഴിച്ച് ഇരുപത്തയ്യായിരത്തോളം പേർക്ക് കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ ആനുകൂല്യം നൽകുകയുണ്ടായി. ഭൂരഹിത കേരളം പരിപാടി നടപ്പിലാക്കുകയും എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജുകളും എല്ലാ നിയോജകമണ്ഡലങ്ങളിലും കോളേജുകളും ആരംഭിച്ചു. പച്ചക്കറി വികസനം മുതൽ നെൽകൃഷിയുടെ അഭിവൃദ്ധിക്കുവരെ നയ പ്രഖ്യാപനത്തിൽ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കേരളം നേരിടുന്ന മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കണം. മനുഷ്യരുടെ ആവാസവ്യവസ്ഥയ്ക്ക് ഭീഷണിയാകാത്തവിധം പശ്ചിമഘട്ടത്തെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. സംസ്ഥാനത്തെ സാധാരണക്കാരായ ജനങ്ങളുടെ കണ്ണീരൊപ്പുന്നതിനും അവർക്ക് ആശ്വാസം നൽകുന്നതിനുമായി നടത്തുന്ന ജനസമ്പർക്ക പരിപാടിക്കെതിരെ നടത്തുന്ന പ്രതിഷേധം അവസാനിപ്പിക്കണം. ഗവൺമെന്റ് നടപ്പാക്കുന്ന നല്ല കാര്യങ്ങൾ കാണാനും അംഗീകരിക്കാനും പ്രതിപക്ഷം തയ്യാറാകണം.

<u>ശ്രീ. എളമരം കരീം</u>: നന്ദി പ്രമേയത്തെ എതിർക്കുന്നു. നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളൊന്നുംതന്നെ നടപ്പാക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ലെന്ന് മാത്രമല്ല, അതിനാവശ്യമായ യാതൊരു ശ്രമവും സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. സർക്കാർ വാഗ്ദാനങ്ങൾ പ്രഖ്യാപിക്കുന്നതല്ലാതെ അവ പാലിക്കപ്പെടുന്നില്ലെന്നതാണ് യാഥാർത്ഥ്യം. വിലക്കയറ്റം തടയുന്നതിന് യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. സ്വകാര്യ പങ്കാളിത്തത്തോടെ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി, പാലക്കാട് കോച്ച് ഫാക്ടറി, ബ്രഹ്മപുരത്ത് കെ.എസ്.ഇ.ബി.യുടെ മുന്നൂറ് മെഗാവാട്ട് ശേഷിയുള്ള ഒരു വാതകാധിഷ്ഠിത പവർ പ്ലാന്റ്, ചീമേനിയിലെ വാതകാധിഷ്ഠിത പ്ലാന്റ് എന്നിവ സ്ഥാപിക്കുമെന്ന് പറഞ്ഞെങ്കിലും നടപ്പാക്കിയിട്ടില്ല. കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിൽ സർക്കാരിന് ഒരു നേട്ടവും കൈവരിക്കാൻ സാധിച്ചില്ലെന്നതാണ് യാഥാർത്ഥ്യം. നാഷണൽഹൈവേയുടെ വീതി കുറയ്ക്കാൻവേണ്ടി കേന്ദ്ര സർക്കാരിന് നിവേദനം കൊടുത്തത് ഈ സർക്കാരാണ് . സർക്കാരിന്റെ എയർ കേരള പദ്ധതി , സീ പ്ലെയിൻ പദ്ധതി എന്നിവ തികഞ്ഞ പരാജയമായിരുന്നു. കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വിപുലീകരണത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കാൻ സർക്കാരിന് സാധിച്ചില്ല. കേരളാ മോഡൽ വികസനത്തിനുവേണ്ടി

അടിസ്ഥാനപരമായ നടപടികൾ സ്വീകരിച്ചത് കഴിഞ്ഞ സർക്കാരാണ്. കാർഷികരംഗത്തും റെയിൽ ഗതാഗതരംഗത്തും ഒരു നേട്ടവും കൈവരിക്കാൻ സർക്കാരിന് സാധിച്ചിട്ടില്ല. മംഗലാപുരം മുതൽ തിരുവനന്തപുരം വരെയുള്ള റെയിൽവേപ്പാത ഇരട്ടിപ്പിക്കല്, റെയിൽവേ വൈദ്യുതീകരണം തുടങ്ങിയവ പൂർത്തിയാക്കിയിട്ടില്ല. തിരുവനന്തപുരം റെയിൽവേസ്റ്റേഷൻ അന്താരാഷ്ട്ര നിലവാരത്തിലാക്കുമെന്ന പ്രഖ്യാപനവും കോഴിക്കോട് റെയിൽവേസ്റ്റേഷൻ ദേശീയതലത്തിലാക്കുമെന്ന പ്രഖ്യാപനവും പാലിച്ചിട്ടില്ല. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം അടച്ചുപൂട്ടൽ ഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ വികസനകാര്യത്തിൽ സർക്കാരിന് തികഞ്ഞ പരാജയമാണ് സംഭവിച്ചിരിക്കുന്നത്. കേരളത്തെ പുറകോട്ടുനയിക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

സഭ വൈകുന്നേരം 5.25-ന് പിരിഞ്ഞു.

***************